ശ്രീ. ആർ. ശങ്കർ : രക്ഷാകർത്താക്കളുടെ വരുമാനം ആസ്പദമാക്കി നിശ്ചയിക്കും.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : 'ഓമയിൽനിന്നു' എന്ന പുസ്തകത്തെ പരാമർശിച്ചു് നിയമസഭയിൽ അടിയന്തിരപ്രമേയചർച്ച നടത്തിയപ്പോൾ, മുഖ്യമന്ത്രിയുടെ മറുപടിപ്രസംഗത്തിൽ അതിൽ അശ്ലീലമായി മാറ്റപ്പെടേണ്ടതായി ഒന്നുമില്ലെന്നു പറഞ്ഞിരുന്നു. ഇപ്പോൾ ചില ഭാഗം മാറ്റാൻ നിർദ്ദേശം നൽകിയിരിക്കുന്നതു് എന്തടിസ്ഥാനത്തിലാണു് ; അതിൽ അശ്ലീലം ഉണ്ടെന്നു ഗവണ്മെൻറിനു തോന്നിയതിൻെറ അടിസ്ഥാനത്തിലാണോ ?

ശ്രീ. ആർ. ശങ്കർ : അശ്ലീലമല്ലാത്ത കുറെ ഭാഗം മാറ്റിയാലും വലിയ ദോഷമൊന്നും വരാനില്ല.

ബാലസാഹിത്യത്തെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പരിപാടി

* 475. [10] ശ്രീമതി കുസുമം : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാലസാഹിത്യത്തെ പ്രോത്സാഹിപ്പിക്കുന്നതിനു ഗവണ്മെൻറിനു് എന്തെങ്കിലും പരിപാടിയുണ്ടോ ;

(ബി) ബാലസാഹിത്യശാഖയുടെ വളർച്ചയ്ക്കു് ഗവണ്മെൻറിൻെറ സഹകരണത്തോടെ ഒരു ഗവേഷണകേന്ദ്രം ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) ബാലസാഹിത്യത്തെ പ്രോത്സാഹിപ്പിക്കുന്നതിനു ഗവണ്മെൻറിനു പ്രത്യേകിച്ചു് ഒരു പരിപാടിയും നിലവിലില്ല. കേരളസാഹിത്യ അക്കാദമി ബാലസാഹിത്യത്തിൻെറ നിർമ്മാണത്തിനും പ്രസിദ്ധീകരണത്തിനും ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടു്. അതിൻെറ നടത്തിപ്പിനു ഗവണ്മെൻറു് ആണ്ടുതോറും ധനസഹായം അക്കാദമിക്കു നൽകുന്നുണ്ടു്.

(ബി) ആവശ്യമാണെന്നു ഗവണ്മെൻറു കരുതുന്നില്ല.

ശ്രീമതി കുസുമം : നമ്മുടെ കുട്ടികൾക്കു് വായനയിലുള്ള ഔൽസുക്യം വളർത്തുന്നതിനു ഇതു വളരെയധികം ആവശ്യമാണെന്നുള്ളതു കണക്കിലെടുത്തുകൊണ്ടു് കൂടുതൽ തുക ഈ വിഷയത്തിൽ അക്കാദമിക്കു നൽകുന്നതിനു ശ്രമിക്കുമോ ?

ശ്രീ. ആർ. ശങ്കർ : അക്കാദമിക്കു ഇപ്പോൾ നടന്നുവരുന്ന പ്രവർത്തനങ്ങൾക്കു ആവശ്യമായ ധനം ഗവണ്മെൻറു കൊടുക്കുന്നുണ്ടു്. കൂട്ടുതൽ വേണമെന്നു ഗവണ്മെൻറിനോടു് അക്കാദമി ആവശ്യപ്പെടുകയാണെങ്കിൽ അതേപ്പറ്റി ആലോചിക്കാം.

ശ്രീ. കെ. ഹസ്സൻഹനി : മലയാളമനോരമയുടെ കീഴിൽ വളരെയേറെ ബാലസാഹിത്യങ്ങൾ തയാറാക്കി പ്രസിദ്ധീകരിക്കുന്നുണ്ടു്. ഗവണ്മെൻറിൽ നിന്നും വല്ല സഹായവും ഇതിനു നൽകുന്നുണ്ടോ ? അക്കാദമിയിൽനിന്നും വല്ല സഹായവും ഇതിലേക്കു് എത്തിച്ചുകൊടുക്കുന്നുണ്ടോ ?

ശ്രീ. ആർ. ശങ്കർ : ആർക്കൊക്കെയാണു് ധനസഹായം കൊടുക്കുന്നതെന്നുള്ളതിനു പ്രത്യേക ചോദ്യം വേണം. ഈ വിഷയത്തെപ്പറ്റി വളരെ വൈദഗ്ദ്ധ്യം ഉള്ള ആളുകൾ ഇൻഡ്യയിൽ പല സ്ഥലത്തും ഗവേഷണം നടത്തുന്നുണ്ടു്. അതുകൊണ്ടു് ഇവിടെ ഒരു ഗവേഷണം ഇതേപ്പറ്റി നടത്തേണ്ട ആവശ്യമില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. എ. മത്തായി : സാഹിത്യ അക്കാദമിക്ക ധനസഹായം പെണ്ണത്തക്ക നിലയിൽ ഇപ്പോഴും ബാലസാഹിത്യത്തെപ്പറ്റി എന്തു ചെയ്യുന്നുണ്ട് ; അവർ എന്തു തുക ചെലവാക്കുന്നുണ്ട് ?

ശ്രീ. ആർ. ശങ്കർ : അവർ ഇപ്പോഴും നടത്തിവരുന്ന പ്രവർത്തനങ്ങൾക്ക ധനസഹായമായി ഒരു തുക കൊടുക്കുന്നുണ്ട്. അതു അവർ ചെലവാക്കുന്നുണ്ട്.

വ്യവസായ സ്ഥാപനങ്ങൾ.

* 476. [11] ശ്രീ. ടി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പുമന്ത്രി ദയവു മറുപടി നൽകുമോ :

(എ) ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര വ്യവസായസ്ഥാപനങ്ങളുണ്ടായി ;

(ബി) ഉണ്ടായിട്ടുള്ള സ്ഥാപനങ്ങളിൽ എത്രപേർക്ക് തൊഴിൽ ലഭിച്ചു ;

(സി) തൊഴിലാളികളെ എടുക്കുന്നതിൽ സമുദായ പ്രാതിനിദ്ധ്യം ഇന്നത്തെ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർ ശരിക്കു പാലിക്കുന്നില്ലെന്ന വസ്തുത ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. എ. ദാമോദരമേനോൻ) :

(എ) വൻകിടയും ഇടത്തരവുമായി 18 വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 45 വൻകിട വ്യവസായങ്ങൾ മൂന്നാം പദ്ധതിയിൽ പ്രവർത്തനം തുടങ്ങുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. കേന്ദ്ര മേഖലയിൽ ആറു വ്യവസായങ്ങളും ഇവിടെ തുടങ്ങുവാൻ നടപടി എടുക്കുന്നുണ്ട്. കൂടാതെ 1500 ഓളം ചെറുകിട വ്യവസായസ്ഥാപനങ്ങളും തുടങ്ങിയിട്ടുണ്ട്.

(ബി) പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞ സ്ഥാപനങ്ങളിൽ 28,746 പേർക്കു തൊഴിൽ ലഭിച്ചു.

ശ്രീ. ടി. കൃഷ്ണൻ : ഗവണ്മെൻറിന്റെ ചുമതലയിൽ നടത്തുന്ന വ്യവസായശാലകളിലും പ്രൈവറ്റു ഉടമകൾ നടത്തുന്ന വ്യവസായശാലകളിലും സമുദായപ്രാതിനിധ്യം അനുസരിച്ചു തൊഴിൽ നിയമങ്ങൾ നടത്തുന്നതാണെന്നു ഈ ഗവണ്മെൻറ് പ്രഖ്യാപിച്ചിട്ടുണ്ട്. എന്നാൽ ഇന്നു നിലവിലുള്ള പല സ്ഥാപനങ്ങളിലും ശരിയായ നീതി ലഭിക്കുന്നില്ല. ഈ കാര്യം ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; ആവശ്യമായ അടിയന്തിര നടപടികൾ ഏറ്റവും വേഗം സ്വീകരിക്കുമോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ : ഞാൻ ഇവിടെ പറഞ്ഞിട്ടുള്ളതു് യോഗ്യതയുള്ള വേണ്ടത്ര ആളുകൾ ഉണ്ടെങ്കിൽ ഇന്നു നിലവിലിരിക്കുന്ന സാമുദായികപ്രാതിനിധ്യം അനുസരിച്ചു ഈ വ്യവസായശാലകളിൽ ജോലി നൽകുന്നതിനുള്ള നിർദ്ദേശം ഗവണ്മെൻറു നൽകിയിട്ടുണ്ടെന്നോണ്. ഏതെങ്കിലും പ്രത്യേക കാര്യത്തിൽ അങ്ങനെ വരാത്തതായിട്ടുണ്ടെങ്കിൽ ചൂണ്ടിക്കാണിക്കുന്ന പക്ഷം അതിനെപ്പറ്റി അന്വേഷിക്കാം.

ശ്രീ. എൻ. ഗോപാലക്കുറുപ്പ് : സ്വകാര്യ സ്കൂളുകളിലും കോളേജുകളിലും സമുദായപ്രാതിനിദ്ധ്യം പാലിച്ചിരിക്കണമെന്നു വ്യവസ്ഥ ചെയ്തിരിക്കുന്നതുപോലെ ഈ സ്വകാര്യവ്യവസായ സ്ഥാപനങ്ങളിലും പാലിക്കണമെന്നു ഗവണ്മെൻറിനു നിർദ്ദേശം നൽകുമോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ : സ്വകാര്യമേഖലയിൽ സമുദായപ്രാതിനിധ്യം അനുസരിച്ചു പണം മുടക്കുവാൻ ആളുകൾ സന്നദ്ധരാകുന്നില്ല എന്നുള്ളതാണ് ഇവിടെ ഒരു വിഷമമായിട്ടുള്ളതു്.

LIBRARY ARCHIVES Kerala Legislative Assembly